"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്ട് - ഇടുക്കി ജില്ല - ആലക്കോട് ഗ്രാമ പഞ്ചായത്ത് - ഇൻഡസ്ട്രിയൽ റെസിൻ യൂണിറ്റിന് വേണ്ടി കെട്ടിടനിർമ്മാണം നടത്തുന്നതിനുള്ള അനുമതി നിഷേധിച്ച കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ സ്റ്റേ ചെയ്ത കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്ത കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്**

G.O.(Rt)No.2413/2024/LSGD തീയതി, തിരുവനന്തപുരം, 10-12-2024

---

പരാമർശം:-
1. ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24.09.2024 തീയതിയിലെ 11(1) നമ്പർ തീരുമാനം.
2. ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 13.11.2024 തീയതിയിലെ 15(1) നമ്പർ തീരുമാനം.
3. ആലക്കോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.11.2024 ലെ 400554/GPO/2024/3386 നമ്പർ കത്ത്.

**ഉത്തരവ്**

ആലക്കോട് ഗ്രാമപഞ്ചായത്തിലെ 6 ാം വാർഡിൽ ആലക്കോട് വില്ലേജിൽ സർവ്വേ നമ്പർ 181/1-10 ൽ ഉൾപ്പെട്ട 20 ആർ 24 ച.മീ സ്ഥലത്ത് സ്റ്റാർ പോളിമേഴ്സ് എന്ന പേരിൽ ഇൻഡസ്ട്രിയൽ റെസിൻ യൂണിറ്റ് ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി ശ്രീ. എ.എ അബൂബക്കർ, അമ്പാടൻ, ശ്രീ. ആരിഫ് അഹമ്മദ് എൻ.ബി, നാനേത്താൻ, ശ്രീ. എ.എം നൗഷാദ്, ശ്രീ. എ.എം ഷഹീബ്, ശ്രീ എ.എം അലി, ആലങ്ങായി എന്നിവർ സമർപ്പിച്ചിരുന്ന അപേക്ഷയോടൊപ്പം പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് ആവശ്യമായ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം അടക്കം മതിയായ എല്ലാ രേഖകളും ഹാജരാക്കിയിരുന്നുവെന്നും ആയതിൽ ആലക്കോട് ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ അന്വേഷണം നടത്തുകയും നിർമ്മാണ അനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നുവെന്നും എന്നാൽ ടി വിഷയം പരിഗണിച്ച പഞ്ചായത്ത് കമ്മിറ്റി യോഗം, പ്രസ്തുത റെസിൻ നിർമ്മാണ യൂണിറ്റ് നിലവിൽ വന്നാൽ കുടിവെള്ളം, വായു തുടങ്ങിയവ മലിനപ്പെടുമെന്നും പൊതുജന താല്പര്യത്തിന് എതിരാണെന്നുമുള്ള കാരണങ്ങളാൽ കെട്ടിട നിർമ്മാണ അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനമെടുത്തുവെന്നും ടി സ്ഥാപനം തുടങ്ങുന്നതിന് ആവശ്യമായ എല്ലാ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്നും അപേക്ഷയിൽ അന്വേഷണം നടത്തിയ

ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ കെട്ടിടനിർമ്മാണാനുമതി നൽകാവുന്നതാണെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അതിനാൽ നിർമ്മാണാനുമതി തടഞ്ഞുവയ്ക്കാനോ നിഷേധിക്കുവാനോ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിയമപരമായി സാധിക്കുകയില്ലെന്നും പ്രസ്തുത യോഗത്തിൽ സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചിരുന്നുവെങ്കിലും അനുമതി നൽകേണ്ടതില്ലെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പരാമർശം (1) പ്രകാരമുള്ള തീരുമാനം 13.11.2024-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ പുനഃപരിശോധിക്കുകയും കമ്മിറ്റിയുടെ ഭൂരിപക്ഷ അഭിപ്രായപ്രകാരം റെസിൻ നിർമ്മാണ യൂണിറ്റിന് അനുമതി നൽകേണ്ടതില്ലെന്ന 24/09/2024 തീയതിയിലെ മുൻ തീരുമാനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്. റെസിൻ നിർമ്മാണ യൂണിറ്റിനുള്ള കെട്ടിടനിർമ്മാണാനുമതി നിഷേധിച്ചു കൊണ്ടുള്ള പരാമർശം (1), (2) തീരുമാനങ്ങളിൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി ഉറച്ച് നിൽക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ടി തീരുമാനങ്ങൾ 2003-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയത്തിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം) ചട്ടങ്ങൾ പ്രകാരം തുടർനടപടികൾക്കായി പരാമർശം (3) പ്രകാരം ആലക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലക്കോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24.09.2024-ലെ നമ്പർ 11(1), 13.11.2024-ലെ നമ്പർ 15(1) എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് സ്റ്റേ ചെയ്യും വകുപ്പ് 191(2) പ്രകാരം ടി തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

H MUHAMMED FAISAL

DEPUTY SECRETARY

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം 695035 (പരാമർശിത പ്രമാണങ്ങളും ആമുഖ കത്തും സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

സെക്രട്ടറി, ആലക്കോട് ഗ്രാമ പഞ്ചായത്ത്, ഇടുക്കി - 685588

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ) (ഗവൺമെന്റ് വെബ്

സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shini Pereira. V
Date: 10-12-2024 11:20:47

സെക്ഷൻ ഓഫീസർ